വ. ശ്രീ. പി. ഭാസ്കരൻനായർ.

(ഡി) തിരുവിതാംകൂർ-കൊച്ചി ഗവൺമെന്റിന്റെ സ്വാഭിപ്രായമെന്ന സരിച്ചു".

FOOD RATION

***534.** [17] **Sri. Sree V. Das:** Will the Hon'ble Minister for Food be pleased to answer the following questions.—

(*a*) were the food ration shops in the taluks of Agastiswaram and Kalkulam regularly supplied with food-grains according to their unit requirements;

(*b*) if they were not regularly supplied with food rations, how many times they were not supplied with rations;

(*c*) how many times a reduced quantity was supplied to them;

(*d*) what are the reasons for supplying reduced quantities of food-grains like that?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*), (*c*) & (*d*) Does not arise in view of answer to (*a*).

കൃഷിയും ഭക്ഷ്യവർദ്ധനവും

* ൪൯൮. (A) (൧൬) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) സംസ്ഥാനത്തെ കൃഷിയും ഭക്ഷ്യവർദ്ധന പദ്ധതികളും വിപുലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ നയവും സ്വഭാവവും എങ്ങനെയാണ്;

(സി) ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ കൈക്കൊള്ളാൻ ഇടയുള്ള വസ്തുതകൾ എന്തെല്ലാമാണ്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി, സി) പ്രസ്തുത പദ്ധതികളുടെ നയം, സ്വഭാവം മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന സംസ്ഥാന ഭക്ഷ്യോല്പാദന ബോർഡിന്റെ "ഭക്ഷ്യസംവർദ്ധനം—പരിപാടികളും പ്രവർത്തനങ്ങളും" എന്ന പ്രസിദ്ധീകരണത്തിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

പിന്നോക്ക വർഗ്ഗസംരക്ഷണം

* ൪൯൯. (൧൯) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായോദ്ധാരണ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റുവർഷത്തിൽ സെൻട്രൽ ഡിവിഷൻ മുഖേന പിന്നോക്ക സമുദായക്കാർക്ക് പുതുവൽ ഭൂമികൾ പതിച്ചു നൽകിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലങ്ങൾ ഏതെല്ലാം പകുതികളിലും സർവ്വേ നമ്പരുകളിലും ആണ്;

(സി) മൊത്തം എത്ര ഏക്കർ, സെൻറ് സ്ഥലമുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly